**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 100** **10-06-2024 - ൽ മറുപടിയ്ക്ക്**

**കോളേജ് ക്യാമ്പസിൽ അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കോളേജ് ക്യാമ്പസിൽ അതിക്രമങ്ങൾ നടത്തിയതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥി സംഘടനയോട് ആഭിമുഖ്യം പുലർത്തുന്നവർ പ്രതികളായ ഇത്തരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ കോളേജ് ക്യാമ്പസ് സംഘർഷങ്ങളുമായി ബന്ധപ്പെട്ട് കേസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്; | (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ കോളേജ് ക്യാമ്പസ് സംഘർഷങ്ങളുമായി ബന്ധപ്പെട്ട് കേസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | റാഗിങ്ങിനെ തുടർന്ന് മരണം സംഭവിച്ച എത്ര കേസുകൾ ഈ കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കോളേജ് ക്യാമ്പസ് സംഘർഷങ്ങളുമായി ബന്ധപ്പെട്ട് എറണാകുളം മഹാരാജാസ് കോളേജിലെ എസ്.എഫ്.ഐ പ്രവർത്തകനായ വിദ്യാർഥി അഭിമന്യുവിനെ ക്യാമ്പസ് ഫ്രണ്ട് പ്രവർത്തകർ കുത്തി കൊലപ്പെടുത്തിയതിന് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1548/2018 ആയും, ഇടുക്കി ഗവ. എഞ്ചിനീയറിംഗ് കോളേജിലെ എസ്.എഫ്.ഐ. പ്രവർത്തകനായ വിദ്യാർത്ഥി ധീരജിനെ KSU പ്രവർത്തകർ കുത്തി കൊലപ്പെടുത്തിയ സംഭവത്തിൽ ഇടുക്കി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 37/2022 ആയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>വയനാട് പൂക്കോട് വെറ്റിറിനറി സർവ്വകലാശാലയിലെ വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ട് വൈത്തിരി പോലീസ് സ്റ്റേഷനിൽ പോലീസ് ക്രൈം നമ്പർ 77/2024 U/s 174 Cr.PC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് Prohibition of Ragging Act പ്രകാരമുള്ള വകുപ്പ് കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരവെ |

| | | | |
|---|---|---|---|
| | | | 09.03.2024 ലെ സ.ഉ(എം.എസ്) നം.70/2024/Home പ്രകാരം കേസിന്റെ അന്വേഷണം സി.ബി.ഐയ്ക്ക് കൈമാറിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| കാലയളവ് | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ടി കേസുകളിലെ വിദ്യാർത്ഥി സംഘടനാ പശ്ചാത്തലം | | | | | | | ടി കേസുകളുമായി ബന്ധപ്പെട്ട ആകെ പ്രതികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| | | SFI | KSU | ABVP | MSF | AISF | CAMPUS FRONT | OTHERS | |
| 25.05.2016 to 19.05.2021 | 311 | 172 | 76 | 29 | 1 | 2 | 6 | 7 | 2106 |
| 20.05.2021 to 02.06.2024 | 189 | 98 | 36 | 7 | 24 | 5 | 1 | 7 | 1077 |

Rejith
സെക്ഷൻ ഓഫീസർ